# نصيحة الجمعة

## تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)


للأستاذ المولوي سي. اي .موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥


---

**തീയതി: 23/02/2018.**

**വിഷയം: "ഭക്ഷണ മര്യാദകൾ"**

---

أَلَمْ أَعْهَدْ إِلَيْكُمْ يَا بَنِي آدَمَ أَن لَّا تَعْبُدُوا الشَّيْطَانَ ۖ إِنَّهُ لَكُمْ عَدُوٌّ مُّبِينٌ ﴿يس: ٦٠﴾

➢ മനുഷ്യൻ തന്റെ ശത്രുക്കളെക്കുറിച്ച് ബോധവാനായിരിക്കും. ആരൊക്കെ ഏതൊക്കെ രീതിയിൽ തന്നെ ദ്രോഹിക്കുന്നു, തന്റെ അധികാരം, സമ്പത്ത്, തൊഴിൽ, വരുമാനം ഇതിനൊക്കെ തടസ്സം സൃഷ്ടിക്കുന്ന ഘടകങ്ങൾ ഏതൊക്കെ എന്നെല്ലാം നന്നായി മനസ്സിലാക്കും. അല്ലാത്തവരെ മണ്ടന്മാർ എന്നാണ് ജനം വിളിക്കുക.

➢ ശത്രുക്കളെയും അവരുടെ കെണികളെയും മറി കടക്കാൻ ആവശ്യമായ എല്ലാ വഴികളും സ്വീകരിക്കുക സ്വാഭാവികമാണ്. കേസുകൾ, കോടതികൾ, അധികാര സ്വാധീനം, എല്ലാം ഉപ യോഗിക്കും. കൂടാതെ റബ്ബിനോട് ദുആ ചെയ്യും. നേർച്ച, സ്വദഖ കൾ നിർവ്വഹിക്കും. എല്ലാം ശത്രുവിൽ നിന്ന് രക്ഷ നേടാനാണ്.

➢ എന്നാൽ മനുഷ്യന്റെ ഏറ്റവും വലിയ ശത്രു പിശാചാണ്.

أَلَمْ أَعْهَدْ إِلَيْكُمْ يَا بَنِي آدَمَ أَن لَّا تَعْبُدُوا الشَّيْطَانَ ۖ إِنَّهُ لَكُمْ عَدُوٌّ مُّبِينٌ ﴿يس: ٦٠﴾

ഏത് വിധേനയും മനുഷ്യനെ തകർക്കാനാണ് അവന്റെ ശ്രമം.

قالَ فَبِما أَغْوَيْتَنِي لَأَقْعُدَنَّ لَهُمْ صِراطَكَ الْمُسْتَقِيمَ ۞ ثُمَّ لَآتِيَنَّهُمْ مِنْ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ وَعَنْ أَيْمانِهِمْ وَعَنْ شَمائِلِهِمْ وَلا تَجِدُ أَكْثَرَهُمْ شاكِرِينَ ۞ ﴿اعراف:١٦،١٧﴾

➢ കൊടും ശത്രുവായ പിശാചിൽ നിന്ന് രക്ഷപ്പെടാൻ നബി (സ്വ) ചില മാർഗ്ഗങ്ങൾ പഠിപ്പിക്കുകയുണ്ടായി. അതിൽ ഒന്ന് ബിസ്മി ചോല്ലലാണ്.

عَنْ جابِرِ بْنِ عَبْدِ اللَّهِ ، سَمِعَ النَّبِيَّ ﷺ يَقُولُ:إِذَا دَخَلَ الرَّجُلُ بَيْتَهُ فَذَكَرَ اللَّهَ عِنْدَ دُخُولِهِ وَعِنْدَ طَعَامِهِ, قَالَ الشَّيْطَانُ:لا مَبِيتَ لَكُمْ وَلا عَشَاءَ ، وَإِذَا دَخَلَ فَلَمْ يَذْكُرِ اللَّهَ عِنْدَ دُخُولِهِ,قَالَ الشَّيْطَانُ:أَدْرَكْتُمُ الْمَبِيتَ، وَإِذَا لَمْ يَذْكُرِ اللَّهَ عِنْدَ طَعَامِهِ, قَالَ: أَدْرَكْتُمُ الْمَبِيتَ وَالْعَشَاءَ (مسلم)

വീട്ടിൽ കടക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും ബിസ്മി ചൊല്ലണമെന്നും അല്ലാത്തപക്ഷം ശൈത്വാൻ കടന്നു കൂടുമെന്നും ഈഹദീസ് വ്യക്തമായി പഠിപ്പിക്കുന്നു.

ഇന്ന് കുട്ടികളും മുതിർന്നവരും ഒരുപോലെ അശ്രദ്ധമാകുന്ന കാര്യമാണിത്.

ചരിത്രം: ഒരിക്കൽ നബി(സ്വ)യും സ്വഹാബത്തും ഭക്ഷണം കഴിക്കാനിരുന്നു. നബി (സ്വ) തുടങ്ങട്ടെ എന്ന് കരുതി സ്വഹാബത്ത് കാത്തിരിക്കുമ്പോൾ ഒരു പെൺകുട്ടി ആരോ തള്ളിയിട്ട പോലെ ഓടിവന്ന് പാത്രത്തിൽ കൈയ്യിട്ടു. നബി (സ്വ) ആ കുട്ടിയുടെ കൈക്ക് പിടിച്ച് തടഞ്ഞ് നിർത്തി. അപ്പോൾ ഒരു അഅ്റാബി ചാടി വീണ് ഭക്ഷണം എടുക്കാൻ ശ്രമിച്ചു. അയാളെയും തടഞ്ഞ് നിർത്തിയ നബി (സ്വ) പറഞ്ഞത് ‘‘ബിസ്മി ചൊല്ലുന്നതിന് മുമ്പ് വാരിയെടുക്കാനുള്ള ശൈത്വാന്റെ ശ്രമമാണിത്’’ എന്നായിരുന്നു.

إِنَّ الشَّيْطَانَ يَسْتَحِلُّ الطَّعَامَ أَنْ لَا يُذْكَرَ اسْمُ اللَّهِ عَلَيْهِ وَإِنَّهُ جَاءَ بِهَذِهِ الْجَارِيَةِ لِيَسْتَحِلَّ بِهَا فَأَخَذْتُ بِيَدِهَا فَجَاءَ بِهَذَا الْأَعْرَابِيِّ لِيَسْتَحِلَّ بِهِ فَأَخَذْتُ بِيَدِهِ (بخاري)

➢ ഭക്ഷണം കളയരുതെന്നും വീണു പോകുന്നത് അഴുക്ക് നീക്കി ഉപയോഗിക്കണമെന്നും നബി (സ്വ) കൽപ്പിച്ചു. അവ പിശാചിനായി ഉപേക്ഷിക്കരുത്.

عَنْ جَابِرٍ ، قَالَ : سَمِعْتُ النَّبِيَّ ﷺ يَقُولُ : إِنَّ الشَّيْطَانَ يَحْضُرُ أَحَدَكُمْ عِنْدَ كُلِّ شَيْءٍ مِنْ شَأْنِهِ حَتَّى يَحْضُرَهُ عِنْدَ طَعَامِهِ ، فَإِذَا سَقَطَتْ مِنْ أَحَدِكُمُ اللُّقْمَةُ ، فَلْيُمِطْ مَا كَانَ بِهَا مِنْ أَذًى ثُمَّ لِيَأْكُلْهَا ، وَلَا يَدَعْهَا لِلشَّيْطَانِ ، فَإِذَا فَرَغَ فَلْيَلْعَقْ أَصَابِعَهُ ، فَإِنَّهُ لَا يَدْرِي فِي أَيِّ طَعَامِهِ تَكُونُ الْبَرَكَةُ (مسلم)

നജസ് പുരണ്ടാൽ അവ വൃത്തിയാക്കി ഉപയോഗിക്കണം. അപ്പോഴും കളയരുത്. ഉദാ: കുട്ടികൾക്ക് ഭക്ഷണം നൽകുമ്പോൾ അവർ നജസാക്കിയേക്കാം. മൂത്രമൊഴിച്ചേക്കാം. ഇമാം നവവി(റ) പറയുന്നു.

فَإِنْ وَقَعَتْ عَلَى مَوْضِعٍ نَجِسٍ تَنَجَّسَتْ وَلَا بُدَّ مِنْ غَسْلِهَا إِنْ أَمْكَنَ فَإِنْ تَعَذَّرَ أَطْعَمَهَا حَيَوَانًا وَلَا يَتْرُكُهَا لِلشَّيْطَانِ (شرح مسلم)

ഇന്ന് നമ്മുടെ വീടുകളിൽ എത്രയോ ഭക്ഷണം നഷ്ടപ്പെടുത്തുന്നു. ആവശ്യത്തിലേറെ വെച്ച് വിളമ്പി ബാക്കി വേസ്റ്റാക്കുന്നു. ചായ, പാനീയങ്ങൾ കുറച്ച് കൂടി ബാക്കി ഒഴിച്ചുകളയുന്നു. ഇതെല്ലാം കടുത്ത തിന്മയാണ്.

➢ ഭക്ഷണപ്പാത്രവും വിരലുകളും വൃത്തിയാക്കി കഴിക്കണമെന്നും അതിൽ അൽപ്പം പോലും അവശേഷിപ്പിക്കരുതെന്നു നബി(സ്വ) പഠിപ്പിച്ചു.

عَنْ أَنَسٍ أَنَّ رَسُولَ اللَّهِ ﷺ ... أَمَرَنَا أَنْ نَسْلُتَ الْقَصْعَةَ قَالَ فَإِنَّكُمْ لَا تَدْرُونَ فِي أَيِّ طَعَامِكُمْ الْبَرَكَةُ (مسلم)

عَنْ جَابِرٍ إِذَا سَقَطَتْ لُقْمَةُ أَحَدِكُمْ فَلْيُمِطْ مَا أَصَابَهَا مِنْ أَذًى وَلْيَأْكُلْهَا ، وَلَا يَمْسَحْ يَدَهُ حَتَّى يَلْعَقَهَا أَوْ يُلْعِقَهَا ، فَإِنَّهُ لَا يَدْرِي فِي أَيِّ طَعَامِهِ الْبَرَكَةُ " وَلَا يَرْفَعُ الصَّحْفَةَ حَتَّى يَلْعَقَهَا أَوْ يُلْعِقَهَا (نسائي)

ഇത്രയേറെ ശ്രദ്ദിക്കാൻ കൽപ്പിക്കപ്പെട്ട ഒരു സമുദായം ഇന്ന് ഏറ്റവും അധികം ഭക്ഷണം വേസ്റ്റു ചെയ്യുന്നവരായി മാറി. ഇവ സൂക്ഷിക്കണം.

നമ്മുടെ ജീവിതത്തിൽ, കുടുംബത്തിൽ, മക്കളിൽ നന്മയുണ്ടാകാൻ അത് കാരണമാകും. സർവ്വോപരി അവ സുന്നത്തുകളാണ്. നാം പാലിക്കേണ്ടതുണ്ട്.

∆ ∆ ∆